(Pages : 4) **T – 3350**

**Reg. No. : .............................**

**Name : .................................**

## Second Semester B.A./B.Sc./B.Com. Degree Examination, August 2024

## Career Related First Degree Programme under CBCSS

## Language Course II – Additional Language – Malayalam

## ML 1211.3 : ദൃശ്യകലാസാഹിത്യം

## (2021 Admission Onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് ആര് ?

2. കഥകളിയിലെ പ്രധാന വേഷങ്ങൾ ഏവ ?

3. തിരക്കഥ എന്നാലെന്ത് ?

4. നാടകം സംബന്ധിച്ച് സി.ജെ. തോമസ് രചിച്ച കൃതിയേത് ?

5. നളചരിതത്തെ കേരളത്തിന്റെ ശാകുന്തളം എന്ന് വിശേഷിപ്പിച്ചതാര് ?

6. 'ബന്ധവോ മേ വൈരികളായ്...' സൂചിതമെന്ത്?

7. കുഞ്ചൻ നമ്പ്യാരുടെ ആദ്യത്തെ തുള്ളൽകൃതി.

8. 'ലാളിച്ച് വഷളാക്കിയിരുന്നെങ്കിൽ ഞാൻ പട്ടാളത്തിലും പോവില്ല ലോകം കാണില്ല.' ആരുടെ വാക്കുകൾ?

P.T.O.

9. ഓപ്പോൾ എന്ന സിനിമയിലെ അപ്പു എന്ന കഥാപാത്രത്തെ അവതരിപ്പിച്ചതാര്?

10. അവൻ വീണ്ടും വരുന്നു ആരുടെ നാടകമാണ്?

**(10 × 1 = 10 Marks)**

II. **അൻപതു** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. നളനെ നശിപ്പിക്കാൻ കലിദ്വാപരന്മാർ സ്വീകരിച്ച കപടമാർഗ്ഗങ്ങളെന്തെല്ലാം?

12. 'പൊയ്യോ നാം തമ്മിലുള്ള സംയോഗനാൾപ്പൊരുത്തം'. സൂചിതമെന്ത്?

13. 'ദൂരെയിരുന്നാൽ നേരറിയാമോ

ചാരേ ചെന്നങ്ങാരായേണം' - ആശയം വിശദീകരിക്കുക.

14. 'മുന്നിലീവണ്ണമുണ്ടോ മധുരത രൂപത്തിന്'. ആരുടെ മധുരതയെപ്പറ്റിയാണിവിടെ പറയുന്നത്?

15. മലയാളത്തിലെ പ്രമുഖ ശാകുന്തള വിവർത്തനങ്ങൾ പരിചയപ്പെടുത്തുക.

16. 'ലോകഭരണാധികാരത്തിന് ഒരൊഴിവും ഇല്ലല്ലോ'. സന്ദർഭവും ആശയവും വ്യക്തമാക്കുക.

17. 'കുതിക്കുമോ കൂരിരുട്ട്
കതിരോൻ കാന്തി ചിന്തവെ'
- എന്തിനെക്കുറിച്ചാണീ പരാമർശം?

18. 'കോപികളായവർ കാട്ടിയതെല്ലാം
പാപത്തിന്നൊരു വഴിയായ് വരുമോ'
- ആശയം വിശദീകരിക്കുക.

19. 'പെണ്ണുങ്ങൾക്കൊരു ബഹുമാനത്തിന്
പൊണ്ണൻ പലവക ജല്പിക്കുന്നു'.
ആരുടെ ജല്പനത്തെക്കുറിച്ചാണ് പറയുന്നത്?

20. ‘ചാവാൻ കെടക്കുവല്ലല്ലോ. നടക്കാൻ വയ്യെങ്കിൽ ഞാനെടുത്തോളാം. ഈ പണ്ടാരക്കെട്ട് നിന്റെ തറവാട്ടിലെറക്കിയാലേ സമാധാനംണ്ടാവൂ.’ ആരാണിങ്ങനെ പറയുന്നത്? ഏതാണ് സന്ദർഭം?

21. ‘കണ്ണുള്ളത് തുറക്കാൻ മാത്രമല്ല. അടയ്ക്കാൻ കൂടിയാണ്’. ആരുടെ വാക്കുകൾ? ധ്വനിയെന്ത്?

22. കുഞ്ഞൻ നായർ എന്ന കഥാപാത്രത്തിന് ഓപ്പോൾ എന്ന സിനിമയിലുള്ള പ്രാധാന്യമെന്ത്?

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. നളചരിതഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

24. കഥാപാത്രസൃഷ്ടിയിൽ ഉണ്ണായിവാര്യർ പുലർത്തുന്ന സൂക്ഷ്മതയ്ക്ക് ഉദാഹരണമാണ് കാട്ടാളൻ. നിരൂപിക്കുക.

25. ‘ക്രുദ്ധനതാകിന ധൃതരാഷ്ട്രാത്മജ
നുത്തരമുദ്ധതമിത്ഥമുരത്താൻ’ - പറഞ്ഞതെന്തെല്ലാം?

26. ‘ഇത്തരമുള്ളൊരു ദുഷിവാക്യം ബത
സത്വരമൻപൊടു കേട്ടൊരു നേരം’ - എന്തൊക്കെ ദുഷിവാക്യങ്ങളാണ് പറഞ്ഞത്?

27. ‘ഇതാണ് സ്ത്രീകൾക്ക് കണക്കിന് ഉത്തരം തോന്നിക്കൊള്ളുമെന്ന് പറയുന്നത്’. ഈ പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക.

28. അപമാനിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ നിസ്സഹായതയാണ് ശാകുന്തളം അഞ്ചാമങ്കത്തിന്റെ പൊരുൾ. പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.

29. സി.ജെ. തോമസിന്റെ കഥാപാത്രചിത്രീകരണവൈദഗ്ദ്ധ്യം ദാവീദ് എന്ന കഥാപാത്രത്തെ മുൻനിർത്തി പരിശോധിക്കുക.

30. ‘വഴികാണും കല്ലായ അഹല്യയ്ക്കും കൂടി യോഗം കൊടുത്തു ഭഗവാൻ അതിനൊക്കെ ഒരു യോഗംണ്ട്’. എന്തിനെക്കുറിച്ചാണിവിടെ പരാമർശിക്കുന്നത്?

31. ‘കൊല്ലണോരെക്കാളും എനിക്ക് ബഹുമാനം വളർത്തണോരോടാ തിരുപ്പാടേ...’ കുഞ്ഞൻ നായരുടെ ഈ വാക്കുകൾ എന്തിനെയാണ് സൂചിപ്പിക്കുന്നത്?

**(6 × 4 = 24 Marks)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. നളചരിതത്തിലെ സാഹിത്യഭംഗി രണ്ടാം ദിവസത്തെ കഥയെ ആസ്പദമാക്കി വിലയിരുത്തുക.

33. സാമൂഹികവിമർശനമാണ് നമ്പ്യാർകൃതികളുടെ ലക്ഷ്യം. ചർച്ച ചെയ്യുക.

34. ചലച്ചിത്രനിർമ്മിതിയിൽ തിരക്കഥയ്ക്കുള്ള പ്രാധാന്യം ഓപ്പോൾ എന്ന സിനിമയെ മുൻനിർത്തി പരിശോധിക്കുക.

35. ആ മനുഷ്യൻ നീ തന്നെ എന്ന നാടകം ദുരന്തനാടക സങ്കല്പത്തെ അനുസരിക്കുന്നു. ശരിയോ?

**(2 × 15 = 30 Marks)**

---